പഴയ വീടിന് പുതുമ കൊണ്ടുവരാൻ ആഗ്രഹിക്കുന്നവർക്കായി പുതുപുത്തൻ ആശയങ്ങൾ.

# മുഖച്ഛായ മിനുക്കി

**കാലത്തിനനുസരിച്ചു മാറാൻ വീടിന് ഒരു ഫ്യൂഷൻ സ്റ്റൈൽ ആണ് ഡിസൈനർ തയാറാക്കിയത്.**

അസാധ്യമായി തോന്നിയ കാര്യം സാധ്യമാക്കാൻ, വീടിന്റെ പോർച്ച് മുന്നിൽനിന്ന് ഒരു വശത്തേക്കു മാറ്റി. പഴയ പോർച്ചിന്റെ സ്ഥാനത്ത് സിറ്റ്ഔട്ട് സ്ഥാനം പിടിച്ചു. ജനാലകൾ അപ്പാടെ മാറ്റി. കന്റെംപ്രറി ഡിസൈനിന്റെ ചേരുവകൾ കൂടി ചേർന്നപ്പോൾ വീടിനൊരു ഫ്യൂഷൻ സ്റ്റൈൽ. പഴയ വീടിനു മുന്നിലുണ്ടായിരുന്ന മതിൽ പൊളിച്ചുകളഞ്ഞു. മുകളിലെ പാരപ്പെറ്റ് പൊളിച്ചുകളഞ്ഞ് ഓടിട്ട മേൽക്കൂരയാക്കി. വീതി കൂടിയ വീടിന് ഇടയ്ക്കിടെ ഷോവോളുകൾ കൊടുത്തപ്പോൾ മനോഹര കാഴ്ചയായി. വിട്രിഫൈഡ് ടൈലുകൾ ആണ് ഷോവോളുകളിൽ ഒട്ടിച്ചിരിക്കുന്നത്. മുകളിലെ നിലയിൽ പാരപ്പെറ്റ് നീട്ടിയെടുത്ത് ഷോവോൾ പോലെയാക്കി. അതിൽ കൊടുത്തിട്ടുള്ള ബീമുകൾ വീടിന് ശരിക്കുമൊരു കന്റെംപ്രറി പ്രതീതി കൊടുത്തു. ■

▼ BEFORE








ഡിസൈൻ:

ജൂഡ്സൺ പീറ്റർ
ഇന്റീരിയർ ഡിസൈനർ
ജൂഡ്സൺ അസോഷ്യേറ്റ്സ്,
കൊച്ചി
email: judsonasso@gmail.com


പഴയ വീടിന്റെ ചിത്രങ്ങളും പ്ലാനും മറ്റു വിശദാംശങ്ങളും വനിത വീടിന് ഇ–മെയിൽ ചെയ്യുക.
vanithaveedu@mmp.in